LIBRARY ARCHIVES Kerala Legislative Assembly

(സി) കാഷ്യൂ സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സ്ക്വാഡ് രൂപീകരിച്ചതിന് ശേഷം 104 ഫാക്ടറികൾ പരിശോധിച്ച് വിവിധ വകുപ്പുകൾ ചുമത്തി നിയമലംഘനങ്ങൾക്കെതിരെ നടപടി എടുത്തു വരികയും ചെയ്യുന്നുണ്ട്. കൂടാതെ അൺരജിസ്ട്രേർഡ് കാഷ്യൂനട്ട് പ്രൊഹിബിഷൻ ആക്ട് അനുസരിച്ച് 6 കുടിവറുപ്പു ശാലകൾ റെയ്ഡ് ചെയ്ത് കേസ്സുകൾ എടുത്തിട്ടുണ്ട്. ഇതിനു പുറമേ ചെറിയ രീതിയിൽ വീടുകളിൽ വച്ച് നടത്തുന്ന പല കുടിവറുപ്പുകേന്ദ്രങ്ങളും നിർത്തലാക്കിയിട്ടുണ്ട്. ടി നടപടികൾ കൊണ്ട് ഈ മേഖലയിൽ പ്രകടമായ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്.

പ്രകൃതിക്ഷോഭ ദുരന്തങ്ങളിൽപ്പെടുന്ന പട്ടികവർഗ്ഗക്കാർക്ക് സഹായം ലഭ്യമാക്കുന്നതിനുള്ള സംവിധാനം

97 (5502) ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർഷകാലത്ത് പട്ടികവർഗ്ഗ കോളനികളിലും, അവർ അധിവസിക്കുന്ന മേഖലകളിലും, പ്രകൃതിക്ഷോഭ ദുരന്തങ്ങളുണ്ടാകുന്നത് നിരീക്ഷിക്കാനും അടിയന്തരഘട്ടങ്ങളിൽ സഹായമെത്തിക്കാനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) 2010 വർഷത്തിൽ ഈ സംവിധാനങ്ങളിലൂടെ എന്തെല്ലാം സഹായങ്ങൾ/സേവനങ്ങൾ പട്ടികവർഗ്ഗമേഖലയിൽ നൽകിയിട്ടുണ്ടെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) പ്രകൃതിക്ഷോഭ ദുരന്തങ്ങളെ തുടർന്ന് ദുരിതമനുഭവിക്കുന്ന പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് വൈദ്യസഹായം, ഭക്ഷണം, താല്ക്കാലിക പുനരധിവാസം എന്നിവ ലഭ്യമാക്കുന്നതിനായി റവന്യൂ, ആരോഗ്യവകുപ്പ് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളുമായി യഥാസമയം ബന്ധപ്പെട്ടു ഏകോപിപ്പിച്ചുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. പ്രകൃതിക്ഷോഭ ദുരന്തങ്ങൾ നേരിടാൻ ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളും പ്രയോജനപ്പെടുത്തുന്നുണ്ട്.

(ബി) വർഷകാലത്ത് പട്ടികവർഗ്ഗക്കാർക്ക് പുറത്ത് പോയി ജോലികൾ ചെയ്യാൻ സാധിക്കാതെ വരികയും അവർക്കിടയിൽ പട്ടിണിയും കഷ്ടപ്പാടും വർദ്ധിക്കുന്നത് തടയുന്നതിനായി ഭക്ഷ്യസഹായ പദ്ധതി (Food Support

Programme) എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ടി പദ്ധതിക്കായി 2009-10 വർഷം 120 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. 2010-11 വർഷം ഇതേ പദ്ധതിക്കായി ഇതുവരെ 63 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമത്തിനായി കേന്ദ്രഗവൺമെന്റ് അനുവദിച്ച ധനസഹായം

98 (5503) ശ്രീ. എം. ഹംസ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-2006 കാലയളവിൽ സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തിനായി എത്ര തുകയാണ് കേന്ദ്രം അനുവദിച്ചത് ; പ്രസ്തുത കാലയളവിൽ സംസ്ഥാന സർക്കാർ എത്ര തുകയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) 2006-2010 കാലയളവിൽ സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തിനായി എത്ര തുകയാണ് കേന്ദ്രം അനുവദിച്ചത് ; അതിൽ എത്ര തുക ചെലവഴിച്ചു ; വിശദാംശം ലഭ്യമാക്കുമോ ;

(സി) പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ ഉന്നമനം ലാക്കാക്കി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(ഡി) ഉന്നമന പ്രവർത്തനങ്ങൾ ലക്ഷ്യം കണ്ടു എന്ന് കരുതുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തെല്ലാം പുതിയ പദ്ധതികൾ ആണ് ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) 2001-2006 കാലയളവിൽ സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തിനായി അനുവദിച്ചതും ചെലവഴിച്ചതുമായ തുക ഇപ്രകാരമാണ്.

പട്ടികജാതി വികസനവകുപ്പ് - കേന്ദ്രാവിഷ്കൃത പദ്ധതികൾ :

(രൂപ ലക്ഷത്തിൽ)

വർഷം	കേന്ദ്രസഹായമായി ലഭിച്ചത്	സംസ്ഥാന സർക്കാർ ചെലവഴിച്ചത്
2001-02	1057.172	1752.815
2002-03	852.10	4318.14
2003-04	818.05	3308.165
2004-05	1185.10	4722.27
2005-06	3890.02	6090.965

LIBRARY ARCHIVES Kerala Legislative Assembly